## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 772** **12-06-2013- ൽ മറുപടിയ്ക്ക്**

**മണ്ണട്ടാംപാറ അണക്കെട്ട്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എൻ.എ.ഖാദർ** | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| **(എ)** മുന്നിയൂർ പഞ്ചായത്തിലെ മണ്ണട്ടാംപാറ അണക്കെട്ട് തകർന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** മണ്ണട്ടാംപാറ അണകെട്ട് തകർന്നിട്ടില്ല. ഈ വർഷത്തെ വരൾച്ച കാരണം അണകെട്ടിന്റെ മുകൾഭാഗത്ത് വെള്ളം തീരെ കുറയുകയും താഴെ ഭാഗത്ത് ഉപ്പുവെള്ളത്തിൻെറ വിതാനം കൂടുകയും ചെയ്തതിന്റെ ഫലമായി അടിത്തറയിൽ ശക്തമായ ചോർച്ച അനുഭവപ്പെടുകയുമാണുണ്ടായത്. |
| **(ബി)** കാർഷിക/ഗാർഹിക ആവശ്യങ്ങൾക്ക് ഇതു കാരണം വെള്ളം ലഭ്യമല്ലാതാകുകയും കൃഷി നശിച്ചു പോവുകയും ഉപ്പുവെള്ളം കയറി ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | **(ബി)** അണകെട്ടിൽ ഉപ്പുവെള്ളം കയറാതിരിക്കാൻ ചോർച്ച അടക്കുന്നതിനായി വലിയ തോതിലുള്ള റിപ്പയർ ആവശ്യമാണ്. ആയതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |
| **(സി)** തകർന്ന ഡാമിനു താഴെയായി ഇരുമ്പോത്തിങ്ങൽ കടവിൽ ഒരു റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുവാൻ സർക്കാരിലേയ്ക്കു എസ്റ്റിമേറ്റു സഹിതം സമർപ്പിച്ച പദ്ധതി പരിഗണിക്കുമോ ? | **(സി)** പ്രസ്തുത അണകെട്ടിന് താഴെയായി ഇരുമ്പോത്തിങ്കൽ കടവിൽ ആർ.സി.ബി നിർമ്മാണത്തിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. അപ്രോച്ച് റോഡിനുള്ള സ്ഥലം പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**